(എ) മസ്ലീം-നാടാർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് തുക ഏതെല്ലാം വർഷങ്ങളിലേക്ക് കൊടുത്തുതീർക്കാനുണ്ട്;

(ബി) പ്രസ്തുത തുക ഈവർഷം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1997-98 വർഷം മുതൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കുടിശ്ശിക നൽകാനുണ്ട്;

(ബി) ഈ വർഷം സ്കോളർഷിപ്പ് വിതരണത്തിന് വകയിരുത്തിയ 180.25 ലക്ഷം രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിദ്യാർത്ഥികൾക്ക് നൽകുന്നതിന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അലോട്ട് ചെയ്തിട്ടുണ്ട്. 1997-98 വർഷം മുതലുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

87 (1305) ഫീസ് സൗജന്യം ലഭിക്കുന്നതിനുള്ള വരുമാനപരിധി

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനപരിധി എത്രയാണ്;

(ബി) സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് 1.3.97-ൽ നടപ്പാക്കിയ ശമ്പളപരിഷ്കരണത്തിന് ആനുപാതികമായി പ്രസ്തുത വരുമാനപരിധി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) ഇല്ലെങ്കിൽ വരുമാനപരിധി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 42000 രൂപ.

(ബി) ഇല്ല.

(സി) വരുമാനപരിധി ഉയർത്തുന്നകാര്യം പരിശോധിച്ചുവരുന്നു.

88 (1306) സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പുകൾ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസ്ലീം, ഹിന്ദു-നാടാർ സമുദായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകുന്നതിൽ കാലതാമസം നേരിടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് ഗവൺമെന്റ് ഹൈസ്കൂളിൽ 1996-97, 97-98, 98-99, 99-2000 എന്നീ അദ്ധ്യയന വർഷത്തിലേ

LIBRARY ARCHIVES Kerala Legislative Assembly

ക്കുള്ള ഈ സ്കോളർഷിപ്പ് ഇതേവരെ നൽകിയിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കാലയളവിൽ സ്കോളർഷിപ്പ് എത്രയും വേഗം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് ഗവൺമെന്റ് ഹൈസ്കൂളിൽ 1996-97 വർഷത്തെ സ്കോളർഷിപ്പ് വിതരണം നടത്തിയിട്ടുണ്ട്. 1997-98, 98-99, 99-2000 എന്നീ അദ്ധ്യയനവർഷങ്ങളിലെ സ്കോളർഷിപ്പ് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

89 (1307) സ്കൂൾ മാനേജുമെന്റുകൾ നടത്തിയ ബന്ദ്

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ആഗസ്റ്റ് 6-ന് ഏതെല്ലാം സ്കൂൾ മാനേജ്മെന്റുകൾ വിദ്യാഭ്യാസ ബന്ദ് നടത്തി;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഈ ബന്ദിനോടനുബന്ധിച്ച് എത്ര സ്കൂളുകളും, കോളേജുകളും അടച്ചിട്ടു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) ബന്ദ് നടത്തിയിട്ടില്ല.

90 (1308) കോഴിക്കോട് എൻ.ജി.ഒ. വനിതാ ഹോസ്റ്റലിൽനിന്നും ജീവനക്കാരിയെ ഒഴിപ്പിച്ച നടപടി

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് എൻ.ജി.ഒ. വനിതാ ഹോസ്റ്റലിലെ ഡീലക്സ് മുറിയിൽനിന്നും ഇപ്പോഴത്തെ താമസക്കാരിയും രോഗിയുമായ ശ്രീമതി പി. ശാന്തകുമാരിയെ ഒഴിപ്പിച്ച് ശ്രീമതി മറിയാമ്മ സെബാസ്റ്റ്യൻ എന്ന ലോകോളേജ് ലക്ചറർക്ക് പ്രസ്തുത മുറി നൽകുവാൻ ഉത്തരവ് നൽകിയതിന്റെ കാരണം വിശദമാക്കുമോ;

(ബി) എന്നാണ് ഇപ്രകാരം ഉത്തരവ് നൽകിയത്;

(സി) കൂടുതൽ സർവ്വീസ് ഉണ്ടായിരുന്നത് ആർക്കാണ്;

(ഡി) ശ്രീമതി പി. ശാന്തകുമാരിയുടെ യഥാർത്ഥ വീടും സ്ഥലവും എവിടെയാണ്; ശ്രീമതി മറിയാമ്മ സെബസ്റ്റ്യന്റെ വീടും സ്ഥലവും എവിടെയാണ്?

LIBRARY ARCHIVES Kerala Legislative Assembly